REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 30-03-2024** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

1. രാഷ്ട്രപതി ദ്രൗപതി മുർമു രാജ്യത്തെ പരമോന്നത സിവിലിയൻ ബഹുമതിയായ ഭാരതരത്ന പുരസ്കാരങ്ങൾ സമ്മാനിച്ചു.
2. സംസ്ഥാനത്ത് ലോക്സഭാ തിരഞ്ഞെടുപ്പിന് നാമനിർദ്ദേശ പത്രികാ സമർപ്പണത്തിന്റെ രണ്ടാം ദിവസമായ ഇന്ന് നിരവധി പേർ പത്രിക നൽകി .
3. ചരിത്രപ്രസിദ്ധമായ വൈക്കം സത്യാഗ്രഹത്തിന് ഇന്ന് 100 വർഷം തികയുന്നു.
4. കാസർകോട് മുഹമ്മദ് റിയാസ് മൗലവി വധക്കേസിൽ മൂന്ന് പ്രതികളെയും വെറുതെ വിട്ടു.
5. രാത്രി കാലങ്ങളിലെ അനാവശ്യ വൈദ്യുതി ഉപഭോഗം പരമാവധി കുറച്ച് സഹകരിക്കണമെന്ന് വൈദ്യുതി ബോർഡ്.
6. ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് ലഖ്നൗ സൂപ്പർ ജയന്റ്സ്, പഞ്ചാബ് കിംഗ്സിനെ നേരിടും.

## വാർത്തകൾ വിശദമായി

**രാഷ്ട്രപതി ദ്രൗപതി മുർമു രാജ്യത്തെ പരമോന്നത സിവിലിയൻ ബഹുമതിയായ ഭാരതരത്ന പുരസ്കാരങ്ങൾ സമ്മാനിച്ചു. രാഷ്ട്രപതി ഭവനിൽ നടന്ന ചടങ്ങിൽ, മുൻ പ്രധാനമന്ത്രിമാരായ P.V നരസിംഹ റാവു, ചൗധരി ചരൺ സിംഗ്, ബീഹാർ മുൻ മുഖ്യമന്ത്രി കർപ്പൂരി താക്കൂർ, പ്രമുഖ കാർഷിക ശാസ്ത്രജ്ഞൻ M.S സ്വാമിനാഥൻ എന്നിവർക്ക് മരണാനന്തര ബഹുമതിയായാണ് ഭാരതരത്നം സമ്മാനിച്ചത്.**

**മുൻ ഉപപ്രധാനമന്ത്രിയും മുതിർന്ന BJP നേതാവുമായ L.K അദ്വാനിക്ക് രാഷ്ട്രപതി നാളെ ഭാരത് രത്ന സമ്മാനിയ്ക്കും. പുരസ്കാര ജേതാക്കളുടെ ബന്ധുക്കളാണ് ഇന്ന് അവാർഡുകൾ ഏറ്റുവാങ്ങിയത്.**

ഡോ. MS സ്വാമിനാഥനു വേണ്ടി മകൾ നിത്യാറാവു പുരസ്കാരം ഏറ്റുവാങ്ങി. ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്രമോദി, ആഭ്യന്തര മന്ത്രി അമിത്ഷാ, വിദേശകാര്യമന്ത്രി ഡോ. എസ് ജയശങ്കർ, കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെ തുടങ്ങിയവർ സംബന്ധിച്ചു.

✪✪✪

ഒന്നാംഘട്ടത്തിൽ ലോക്സഭാ തെരഞ്ഞെടുപ്പ് നടക്കുന്ന 16 സംസ്ഥാനങ്ങളിലെയും ലക്ഷദ്വീപ് ഉൾപ്പെടെ നാല് കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും, 98 മണ്ഡലങ്ങളിൽ നാമനിർദ്ദേശ പത്രിക പിൻവലിക്കാൻ സമയപരിധി ഇന്ന് തീരുന്നതോടെ മത്സരചിത്രം വ്യക്തമാകും. ആദ്യ ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്ന ബിഹാറിലെ നാല് മണ്ഡലങ്ങളിൽ സൂക്ഷ്മപരിശോധന ഇന്നാണ്. ഈ മണ്ഡലങ്ങളിൽ പത്രിക പിൻവലിക്കേണ്ട അവസാന ദിവസം ചൊവ്വാഴ്ചയാണ്.

102 മണ്ഡലങ്ങളിൽ അടുത്തമാസം 19 നാണ് വോട്ടെടുപ്പ്.

✪✪✪

സംസ്ഥാനത്ത് ലോക്സഭാ തിരഞ്ഞെടുപ്പിന് നാമനിർദ്ദേശ പത്രികാ സമർപ്പണത്തിന്റെ രണ്ടാം ദിവസമായ ഇന്ന് നിരവധി പേർ പത്രിക സമർപ്പിച്ചു.

പത്തനംതിട്ടയിൽ LDF സ്ഥാനാർത്ഥി ഡോ. ടി.എം. തോമസ് ഐസക്കും, ആറ്റിങ്ങലിൽ NDA സ്ഥാനാർത്ഥി V മുരളീധരനും പത്രിക നൽകി. ചാലക്കുടിയിൽ LDF ലെ C രവീന്ദ്രനാഥും, കോഴിക്കോട്ട് UDF സ്ഥാനാർത്ഥി M.K രാഘവനും, മലപ്പുറത്ത് LDF ലെ വി വസീഫും പത്രിക സമർപ്പിച്ചു.

നാളെയും മറ്റന്നാളും അവധിയാണ്. വ്യാഴ്ചയാണ് പത്രിക സമർപ്പിക്കാൻ അവസാന ദിവസം.

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പ് പ്രചാരണത്തിനായി മുഖ്യമന്ത്രി പിണറായി വിജയന്റെ മണ്ഡല പര്യടനം ആരംഭിച്ചു. തിരുവനന്തപുരം ലോക്സഭാ മണ്ഡലത്തിലെ നെയ്യാറ്റിൻകരയിലായിരുന്നു ആദ്യ പരിപാടി. ഏപ്രിൽ 22 വരെയാണ് പര്യടനം.

✪✪✪

ത്രികോണ മത്സരത്തിന് വേദിയൊരുങ്ങുന്ന തൃശൂർ ലോക്സഭാ മണ്ഡലത്തിൽ തെരഞ്ഞെടുപ്പ് പ്രചാരണ പരിപാടികൾ പുരോഗമിക്കുന്നു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി ഭരിത പ്രതാപ്.

...........(വോയ്സ്)...................

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ഭാഗമായി മലപ്പുറം ജില്ലയിലെത്തിയ തിരഞ്ഞെടുപ്പ് കമ്മീഷന്റെ ചെലവ് നിരീക്ഷകരുടെ നേതൃത്വത്തിൽ ഉപനിരീക്ഷകരുടെയും വിവിധ സ്ക്വാഡ് ലീഡർമാരുടെയും യോഗം ചേർന്നു. മലപ്പുറം മണ്ഡലം നിരീക്ഷകനായ ആദിത്യസിംഗ് യാദവിന്റെ നേതൃത്വത്തിൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിലും, പൊന്നാനി മണ്ഡലം നിരീക്ഷകനായ പ്രശാന്ത് കുമാർ സിൻഹയുടെ നേതൃത്വത്തിൽ ജില്ലാ പ്ലാനിംഗ് കോൺഫറൻസ് ഹാളിലുമായിരുന്നു യോഗം. അനധികൃത മദ്യം, പണം, ആയുധങ്ങൾ എന്നിവയുടെയും സാമൂഹ്യ വിരുദ്ധരുടെയും നീക്കം കർശനമായി നിരീക്ഷിക്കണമെന്ന് നിരീക്ഷകർ നിർദ്ദേശം നൽകി.

✪✪✪

ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളിൽ കൃത്രിമത്വം കാണിക്കുന്നതിനായി രാജ്യത്ത് മൂന്നാഴ്ചത്തേയ്ക്ക് സമ്പൂർണ ലോക്ഡൗൺ പ്രഖ്യാപിക്കുമെന്ന് സാമൂഹിക മാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ചയാളെ പൊലീസ് അറസ്റ്റ് ചെയ്തു. മലപ്പുറം സ്വദേശി എം.വി ഷറഫുദ്ദീൻ ആണ് പിടിയിലായത്.

കോവിഡിനെത്തുടർന്നുണ്ടായ ലോക്ഡൗൺ സമയത്തെ ഒരു വാർത്തയുടെ സ്ക്രീൻഷോട്ടാണ് ഇയാൾ ഇതിനായി സാമൂഹികമാധ്യമങ്ങളിൽ പ്രചരിപ്പിച്ചത്.

✪✪✪

അറബിക്കടലിൽ വീണ്ടും കടൽക്കൊള്ളക്കാരെ നേരിട്ട് ഇന്ത്യൻ നാവികസേന. 12 മണിക്കൂർ നീണ്ട തന്ത്രപരമായ നീക്കങ്ങൾക്കും ഏറ്റുമുട്ടലുകൾക്കുമൊടുവിൽ കടൽ ക്കൊള്ളക്കാരിൽ നിന്ന് ഇറാനിയൻ മത്സ്യബന്ധന കപ്പലും അതിലെ 23 പാകിസ്താൻ ജീവനക്കാരേയും നാവികസേന മോചിപ്പിച്ചു.

വ്യാഴാഴ്ച രാത്രി ഇറാനിയൻ മത്സ്യബന്ധന കപ്പൽ 'അൽ കമ്പാർ 786' ൽ ഒമ്പത് സായുധരായ കടൽ ക്കൊള്ളക്കാരുടെ സംഘം കയറിയതായ റിപ്പോർട്ടുകളെ തുടർന്ന് ഇന്നലെ വൈകീട്ടോടെയാണ് ഇന്ത്യൻ നാവികസേന ദൗത്യം തുടങ്ങിയത്. സമുദ്ര സുരക്ഷയ്ക്കായി അറബിക്കടലിൽ വിന്യസിച്ച ഐഎൻഎസ് സുമേധ, ഐഎൻഎസ് ത്രിശൂൽ എന്നീ പടക്കപ്പലുകളാണ് ദൗത്യത്തിൽ ഏർപ്പെട്ടത്.

✪✪✪

അറബിക്കടലിൽ വീണ്ടും കടൽക്കൊള്ളക്കാരെ നേരിട്ട് ഇന്ത്യൻ നാവികസേന. 12 മണിക്കൂർ നീണ്ട തന്ത്രപരമായ നീക്കങ്ങൾക്കും ഏറ്റുമുട്ടലുകൾക്കുമൊടുവിൽ കടൽ ക്കൊള്ളക്കാരിൽ നിന്ന് ഇറാനിയൻ മത്സ്യബന്ധന കപ്പലും അതിലെ 23 പാകിസ്താൻ ജീവനക്കാരേയും നാവികസേന മോചിപ്പിച്ചു.

വ്യാഴാഴ്ച രാത്രി ഇറാനിയൻ മത്സ്യബന്ധന കപ്പൽ 'അൽ കമ്പാർ 786' ൽ ഒമ്പത് സായുധരായ കടൽ ക്കൊള്ളക്കാരുടെ സംഘം കയറിയതായ റിപ്പോർട്ടുകളെ തുടർന്ന് ഇന്നലെ വൈകീട്ടോടെയാണ് ഇന്ത്യൻ നാവികസേന ദൗത്യം തുടങ്ങിയത്. സമുദ്ര സുരക്ഷയ്ക്കായി അറബിക്കടലിൽ വിന്യസിച്ച ഐഎൻഎസ് സുമേധ, ഐഎൻഎസ് ത്രിശൂൽ എന്നീ പടക്കപ്പലുകളാണ് ദൗത്യത്തിൽ ഏർപ്പെട്ടത്.

✪✪✪

കേരള ചരിത്രത്തിലെ തൊട്ടുകൂടായ്മയ്ക്കെതിരായ പോരാട്ടത്തിലെ നാഴികക്കല്ല് അടയാളപ്പെടുത്തുന്ന ചരിത്രപ്രസിദ്ധമായ വൈക്കം സത്യാഗ്രഹത്തിന് ഇന്ന് 100 വർഷം തികയുന്നു. വൈക്കം മഹാദേവ ക്ഷേത്രത്തിന് സമീപത്തെ പൊതുവഴിയിലൂടെ എല്ലാ മനുഷ്യർക്കും സഞ്ചരിക്കാൻ അവകാശത്തിന് വേണ്ടി നടന്ന സത്യാഗ്രഹം 603 ദിവസമാണ് നീണ്ടത്. ജാതി അടിച്ചമർത്തലിനെ മാത്രമല്ല, സാമൂഹിക മാനദണ്ഡങ്ങളെയും വെല്ലുവിളിച്ചായിരുന്നു വൈക്കം സത്യഗ്രഹം. 1924 മാർച്ച് 30-നാണ് സത്യഗ്രഹം ആരംഭിച്ചത്. 1925 നവംബർ 23 നാണ് സമരം അവസാനിച്ചത്.

ശ്രീനാരായണ ഗുരു, മന്നത്തു പത്മനാഭൻ, ഇ.വി. രാമസാമി നായ്ക്കർ, ടി.കെ. മാധവൻ, കെ.കേളപ്പൻ കെ.പി.കേശവമേനോൻ തുടങ്ങിയ പ്രമുഖ നേതാക്കൾ സമരത്തെ പിന്തുണച്ചു.

✪✪✪

കാസർകോട് മുഹമ്മദ് റിയാസ് മൗലവി വധക്കേസിൽ മൂന്ന് പ്രതികളെയും വെറുതെ വിട്ടു. കാസർകോട് ജില്ലാ പ്രിൻസിപ്പൽ സെഷൻസ് കോടതി ജഡ്ജി K.K ബാലകൃഷ്ണനാണ് വിധി പറഞ്ഞത്. കേസ് പരിഗണിക്കുന്ന എട്ടാമത്തെ ജഡ്ജിയാണ് കെ. കെ ബാലകൃഷ്ണൻ. ഇതുവരെ ജാമ്യം ലഭിക്കാത്തതിനാൽ പ്രതികൾ ഏഴു വർഷക്കാലമായി ജയിലിൽ തന്നെയാണ്. പഴയ ചൂരി മദ്റസയിലെ അധ്യാപകനായിരുന്ന കുടക് സ്വദേശി മുഹമ്മദ് റിയാസ് മൗലവിയെ 2017 മാർച്ച് 20 നാണ് കഴുത്തറുത്ത് കൊലപ്പെടുത്തിയത്.

പള്ളിയ്ക്കകത്തെ മുറിയിൽ ഉറങ്ങുകയായിരുന്ന റിയാസ് മൗലവിയെ അതിക്രമിച്ചു കടന്ന് കഴുത്തറുത്ത് കൊലപ്പെടുത്തിയെന്നാണ് കേസ്.

✪✪✪

രാത്രി കാലങ്ങളിലെ അനാവശ്യ വൈദ്യുതി ഉപഭോഗം പരമാവധി കുറച്ച് സഹകരിക്കണമെന്ന് വൈദ്യുതി ബോർഡ് അഭ്യർത്ഥിച്ചു. എത്ര ശ്രമിച്ചിട്ടും ട്രാൻസ് ഫോർമറുകളുടെ ലോഡ് നിയന്ത്രിക്കാനാവുന്നില്ലെന്ന് ബോർഡ് വാർത്താ കുറിപ്പിൽ അറിയിച്ചു. ചൂട് അതിരൂക്ഷമാവുന്ന സാഹചര്യത്തിൽ വൈദ്യുതി ഉപഭോഗവും റെക്കോഡ് വേഗത്തിൽ കുതിക്കുകയാണ്.

രാത്രി പത്ത് മണിക്ക് ശേഷം ട്രാൻസ് ഫോർമറുകളുടെ ലോഡ് ക്രമാതീതമായി വർദ്ധിക്കുന്നു. എ.സി കളുടെ ഉപയോഗം മുമ്പില്ലാത്ത വിധം കൂടുതലാവുന്നു. ലോഡ് കൂടുന്നത് കൊണ്ട് ഫ്യൂസ് പോവുന്നതും ലൈൻ വോൾട്ടേജിൽ ഗണ്യമായ കുറവുണ്ടാവുന്നതും നിയന്ത്രിക്കാനാവാത്ത സ്ഥിതിയാണെന്നും KSEB പറഞ്ഞു.

✪✪✪

ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് ലഖ്നൗ സൂപ്പർ ജയന്റ്സ്, പഞ്ചാബ് കിംഗ്സിനെ നേരിടും.വൈകിട്ട് ഏഴരയ്ക്ക് ലഖ്നൗവിലാണ് മത്സരം.

കൊൽക്കത്ത നൈറ്റ് റൈഡേഴ്സിന് തുടർച്ചയായ രണ്ടാം ജയം.ബെംഗളൂരുവിൽ, റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂരിനെ ഏഴ് വിക്കറ്റിനാണ് കൊൽക്കത്ത പരാജയപ്പെടുത്തിയത്.ഇതോടെ കൊൽക്കത്ത പോയിന്റ് പട്ടികയിൽ രണ്ടാം സ്ഥാനത്തെത്തി.

✪✪✪

ഇടുക്കി കുമളിയിൽ നടക്കുന്ന പതിനാറാമത് തേക്കടി പുഷ്പമേള കാണാൻ സന്ദർശകരുടെ വൻ തിരക്ക്. കുമളി - തേക്കടി റോഡിൽ കല്ലറയ്ക്കൽ ഗ്രൗണ്ടിലാണ് ഒന്നര മാസം നീണ്ടുനിൽക്കുന്ന പുഷ്പമേള സംഘടിപ്പിച്ചിരിക്കുന്നത്.

വിശദാംശങ്ങളുമായി ആകാശവാണി പ്രതിനിധി രതീഷ് കൃഷ്ണ.

.........(വോയ്സ്) ...............

✪✪✪

മലപ്പുറം വളാഞ്ചേരിയിൽ മാരക ശേഷിയുള്ള സ്ഫോടക വസ്തുക്കൾ പിടികൂടി. സംഭവവുമായി ബന്ധപ്പെട്ട് നാല് പേരെ അറസ്റ്റ് ചെയ്തു. ലോകസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പോലീസ് നടത്തിയ പരിശോധനയിലാണ് സ്ഫോടക വസ്തുക്കൾ കണ്ടെത്തിയത്. വളാഞ്ചേരി എസ്.എച്ച്.ഒ സുനിൽദാസിന്റെ നേതൃത്വത്തിൽ നടത്തിയ വാഹന

പരിശോധനയിൽ വളാഞ്ചേരി കൊടുമുടിയിൽ നിന്നാണ് 1,125 ജലാറ്റിൻ സ്റ്റിക്കുകൾ, 3,340 ഇലക്ട്രിക് ഡിറ്റനേറ്റർ , 1,820 മീറ്റർ സേഫ്റ്റി ഫ്യൂസ്, 4,000 ഓർഡിനറി ഡിറ്റനേറ്റർ എന്നിവ പിടികൂടിയത്. പ്രതികളെ ഇന്ന് കോടതിയിൽ ഹാജരാക്കും.

✪✪✪

വിനോദയാത്രക്ക് പോയ മെഡിക്കൽ വിദ്യാർത്ഥി കുറ്റ്യാടി ജാനകിക്കാട്ടിൽ പുഴയിൽ മുങ്ങി മരിച്ചു. മാഹി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ദന്തൽ സയൻസസ് ആന്റ് ഹോസ്പിറ്റലിലെ മൂന്നാം വർഷ ബി.ഡി.എസ്.വിദ്യാർത്ഥി പോണ്ടിച്ചേരി കാരിക്കാൽ സ്വദേശിയായ എൽ ഗൗഷിക് ദേവ് ആണ് മരിച്ചത്. വേനൽ അവധിയായതിനാൽ അഞ്ച് സുഹൃത്തുക്കൾക്കൊപ്പം വെള്ളിയാഴ്ച വിനോദയാത്രക്ക് പോയതായിരുന്നു' കാൽ തെറ്റി വീണ് ഒഴുക്കിൽ പെട്ടതാണെന്ന് അറിയുന്നു.

✪✪✪

ഇന്ന് ലോക മാലിന്യ രഹിതദിനം. ആഗോളതലത്തിൽ മാലിന്യ സംസ്കരണത്തെ ശക്തിപ്പെടുത്തേണ്ടതിന്റെ പ്രാധാന്യവും സുസ്ഥിര ഉപഭോഗവും ഉൽപാദന രീതിയും പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകതയും എടുത്തുകാണിക്കുന്നതിനാണ് എല്ലാ വർഷവും മാർച്ച് 30 ലോക മാലിന്യ രഹിതദിനമായി ആചരിക്കുന്നത്.

✪✪✪